## തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

വിഷയം: ആവഡ- ഡ്രൈവർമാരുടെ 01/09/2000 മുതൽ 31/10/2007 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിലെ 43 മുതൽ 49 വരെയുള്ള സീനിയോരിറ്റി നമ്പർ പുനക്രമീകരിച്ചുകൊണ്ടുള്ള ഉത്തരവ്.

സൂചന:
1. വയനാട് ഡി.എം.ഒ യുടെ 19/01/2005 ലെ എ 2/4990/04 എന്ന നമ്പരിലുള്ള ഉത്തരവ്.
2. ഈ ആഫീസിലെ 30/09/2010 ലെ ഇതേ നമ്പർ ഉത്തരവ്.
3. വയനാട് ഡി.എം.ഒ യുടെ 06/02/16 ലെ എ2/1774/16 എന്ന നമ്പർ കത്ത്.
4. ഈ ആഫീസിലെ 21/06/2016 ലെ ഇതേ നമ്പർ നോട്ടീസ്.

### ഉത്തരവ് നമ്പർ – ഇ.എസ് 2/14870/2016/ആവഡ, തീയതി.26/07/2016

ഡ്രൈവർമാരുടെ 01/09/2000 മുതൽ 31/10/2007 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിലെ റാങ്ക് നമ്പർ പുനർനിർണ്ണയിച്ചു കൊടുക്കണമെന്നാവശ്യപ്പെട്ട് വയനാട് ഡി.എം.ഒ യിലെ സീനിയർഗ്രേഡ് ഡ്രൈവർ ശ്രീ.ജോസ്.എ സമർപ്പിച്ച അപേക്ഷ സൂചന 3 പ്രകാരം അയച്ചുതന്നിരുന്നു. അവ വിശദമായി പരിശോധിച്ചു.

സൂചന 2 പ്രകാരമുള്ള ഡ്രൈവർമാരുടെ 01/09/2000 മുതൽ 31/10/2007 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ ശ്രീ.ജോസ്.എ യുടെ റാങ്ക് നമ്പർ 49 ആണ്. എന്നാൾ വയനാട് ഡി.എം.ഒ യുടെ നിയമന ഉത്തരവിൽ ടിയാളുടെ താഴെയുള്ളവർ സീനിയോരിറ്റി പട്ടികയിൽ ടിയാൾക്ക് മുകളിലായി ഉൾപ്പെട്ടിരിക്കുന്നു എന്നും അതിനാൽ അവ പുനക്രമീകരിച്ചു കൊടുക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. അപേക്ഷകൻ സമർപ്പിച്ച രേഖകൾ പരിശോധിച്ചപ്പോൾ അവ വസ്തുതയാണെന്ന് ബോധ്യമായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സൂചന 2 പ്രകാരമുള്ള ഡ്രൈവർമാരുടെ 01/09/2000 മുതൽ 31/10/2007 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിലെ 43 മുതൽ 49 വരെയുള്ളവരുടെ റാങ്ക് നമ്പർ വയനാട് ഡി.എം.ഒ യുടെ നിയമന ഉത്തരവ് പ്രകാരം പുനക്രമീകരിക്കുന്നതിന് താൽകാലികമായി തീരുമാനിച്ച് സൂചന 4 പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിനെതിരെ ആരും തന്നെ പരാതികളൊന്നും സമർപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ സൂചന 2 പ്രകാരമുള്ള ഡ്രൈവർമാരുടെ 01/09/2000 മുതൽ 31/10/2007 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിലെ 43 മുതൽ 49 വരേയുള്ളവരുടെ റാങ്ക് നമ്പർ വയനാട് ഡി.എം.ഒ യുടെ നിയമന ഉത്തരവിന്റെ

അടിസ്ഥാനത്തിൽ പുനക്രമീകരിക്കുന്നതിന് താൽകാലികമായി തീരുമാനിച്ചിരുന്നത് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| Sl. No | Name | Date of Birth | Date of Joining | Date reckoned for seniority | Existing Rank No | New Rank No | Adv.No& Date |
|---|---|---|---|---|---|---|---|
| 1 | Subramanian.K | 02/02/1970 | 28/01/2005 | 18/12/2004 | 48 | 43 | No.W(R)II(3)1663 /99/KPSC WYD Dt.18/12/2004 |
| 2 | Jose.A | 06/04/1974 | 25/01/2005 | 18/12/2004 | 49 | 44 | ,, |
| 3 | Shaji.P.H | 30/05/1966 | 31/05/2005 | 18/12/2004 | 43 | 45 | ,, |
| 4 | Suresh.E.N | 30/05/1967 | 25/01/2005 | 18/12/2004 | 45 | 46 | ,, |
| 5 | Thomas.K.P | 20/05/1969 | 31/01/2005 | 18/12/2004 | 44 | 47 | ,, |
| 6 | Asokan.K | 30/06/1967 | 28/01/2005 | 18/12/2004 | 47 | 48 | ,, |
| 7 | Shaji Thankappan | 28/05/1966 | 20/01/2005 | 18/12/2004 | 46 | 49 | ,, |

സൂചന 2 ലെ സീനിയോരിറ്റി പട്ടിക മേൽ പ്രകാരം പരിഷ്കരിച്ചിരിക്കുന്നു.

ഒപ്പ്.

ഐസക് ഇട്ടി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താക്കൽ

1.എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.

2.ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും.

3.ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും.

4. എച്ച്.ടി സെക്ഷൻ

5.ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്.